16-01-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 16/01/2022

1. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേര്യമംഗലം ഡി.എസ്.പി ഫാമിൽ വിവിധ ഇനം തെങ്ങിൻതൈകൾ വിൽപ്പനയ്ക്കു ലഭ്യമാണ്. തെങ്ങിൻതൈകൾ ആവശ്യമുള്ള കർഷകർ **0485-2554240** എന്ന ഫാം ഓഫീസ് നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ബന്ധപ്പെടുക.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2021-22 സാമ്പത്തിക വർഷത്തിൽ **340 അർക്ക വെർട്ടിക്കൽ ഗാർഡൻ യൂണിറ്റുകൾ** സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും മുൻതൂക്കം നൽകിക്കൊണ്ട് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ നഗരപരിധിയിലുള്ള പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സൂര്യപ്രകാശം യഥേഷ്ടം ലഭിക്കുന്ന സ്ഥലത്ത് അർക്കവെർട്ടിക്കൽ ഗാർഡൻ സ്ട്രക്ചർ സ്ഥാപിക്കാം. ഇതിൽ 16 ചെടിച്ചട്ടികളും 80 കിലോ ഭാരമുള്ള പരിപോഷിപ്പിച്ച നടീൽ മാധ്യമവും(ചകിരിച്ചോർ), 25 ലിറ്റർ സംഭരണ ശേഷിയുള്ള തുള്ളിനന സൗകര്യവും, അർക്ക പോഷക രസ് ലായനിയും ഉൾപ്പെടുത്തിയിട്ടുണ്ട്. അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചർ ഒരു യൂണിറ്റിന് 75 ശതമാനം ധനസഹായവും 25 ശതമാനം ഗുണഭോക്തൃവിഹിതവുമായിരിക്കും. മുളക്, കത്തിരിക്ക, തക്കാളി, ബീൻസ്, ഫ്രഞ്ച് ബീൻസ്, ചീര, പാലക്, മല്ലി, റാഡിഷ് എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ആറളം ഫാമിലെ 6, 8 ബ്ലോക്കുകളിൽ കൃഷി ചെയ്തിട്ടുള്ള മഞ്ഞളിൽ ഒരു ഭാഗം കുർക്കുമിൻ അളവിന്റെ അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. സാമ്പിൾ പരിശോധിച്ച് ഉയർന്ന വില വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവർക്ക് മഞ്ഞൾ സംസ്കരിച്ച് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496045386, 9496045384** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ കൃഷിഭവനിൽ ഡബ്ല്യു.സി.റ്റി തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാവുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയ്ക്കടുത്ത് നെടുങ്കാട് പ്രവർത്തിക്കുന്ന സംയോജിതകൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ **സസ്യ ആരോഗ്യ ക്ലിനിക്ക്** പ്രവർത്തനം ആരംഭിച്ചു. **വിളകളിലെ കീടരോഗ ബാധകൾ, സസ്യമൂലകക്കുറവ്, മറ്റു പ്രശ്നങ്ങൾ എന്നിവ കൃത്യതയോടെ നിർണ്ണയിക്കുക, ആവശ്യമായ ശാസ്ത്രീയ പരിഹാരമുറകൾ ലഭ്യമാക്കുക എന്നതാണ് ക്ലിനിക്കിന്റെ ഉദ്ദേശലക്ഷ്യം.** ഇതിനുള്ള മണ്ണ് -സസ്യ പരിശോധനകൾക്കു പുറമേ ജലത്തിന്റെ ഗുണനിലവാരപരിശോധനകൾ കൂടി ക്ലിനിക് മുഖാന്തിരം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ ക്ലിനിക്കിൽ കാർഷിക മേഖലയിലെ വിവിധ വിഷയങ്ങളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കും. കൃഷി സ്നേഹികൾക്ക് കാർഷിക സംബന്ധമായ സംശയ നിവാരണത്തിനും കാർഷികോപാധികൾ വാങ്ങുന്നതിനും പുത്തനറിവുകൾ നേടിയെടുക്കുന്നതിനുമെല്ലാമുള്ള ഒരു ഏകജാലക സംവിധാനമാണ് ഈ സസ്യ ആരോഗ്യ ക്ലിനിക്ക്. കൂടുതൽ വിവരങ്ങൾക്ക് **9847022929, 9846024539** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ നാടൻ തെങ്ങ്, കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കോ, പേര, മാവ്, ചാമ്പ, പനീർചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, ചെറി, മംഗോസ്റ്റീൻ, ചെറുനാരകം, മാതളം, കുരുമുളക് (പന്നിയൂർ1), സർവ്വസുഗന്ധി, ജാതി, ആര്യ വേപ്പ്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു എന്നിവയുടെ തൈകളും, പച്ചക്കറി വിത്തുകൾ, ചിപ്പിക്കൂൺ, പാൽക്കൂൺ വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികളായ ട്രൈക്കോഡെർമ, സ്യൂഡോമോണസ്, ബ്യൂവേറിയ, ലേക്കനിസിലിയം, ട്രൈക്കോ കേക്ക് മുതലായവയും വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങളും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ജനുവരി 18 -ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് (ജനുവരി 18) രാവിലെ 10.00 മണി മുതൽ **വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. 30 പേർക്കാണ് പരിശീലനം നൽകുന്നത്. താൽപര്യമുള്ളവർ **0491 2815454** എന്ന നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17,18 തീയതികളിൽ **ആട് വളർത്തൽ**, 24-ന് **കാടവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0479-2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ **തക്കാളിയിൽ വെള്ളീച്ച**യുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്ക വിധം 10 ദിവസം ഇടവേളകളിലായി ആവർത്തിച്ച് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ തൈയാമീതോക്സാം 4 ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

11. മഞ്ഞുകാലത്ത് പച്ചക്കറികളിൽ ചൂർണ്ണപൂപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം